LIBRARY ARCHIVES Kerala Legislative Assembly

വടകര - മാഹി കനാൽ നിർമ്മാണം

263 (952) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ നിർമ്മാണം എത് തീയതിയിലാണ് ആരംഭിച്ചത് എന്നും നിർമ്മാണം ആരംഭിച്ചതിന് ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്ത എത്ര യോഗങ്ങൾ എവിടെയൊക്കെ വച്ച് ചേർന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആരൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വടകര-മാഹി കനാൽ നിർമ്മാണം 28-1-2013-ന് ആരംഭിച്ചു. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്ത ഏകദേശം 18 യോഗങ്ങൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ചേമ്പർ, വെള്ളൂക്കര, തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, വെങ്ങോളി, കലിയാംവള്ളി, കോട്ടപ്പള്ളി വില്ലേജ് ഓഫീസ്, എടച്ചേരി പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും കനാൽ പരിസരങ്ങളിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്. കൂടാതെ ഉന്നത ഉദ്യോഗസ്ഥരുടെ സൈറ്റ് ഇൻസ്പെക്ഷൻ സമയത്ത് ജനപ്രതിനിധികളും പഞ്ചായത്ത് അധികൃതരും നാട്ടുകാരുമായുള്ള കൂടിക്കാഴ്ചകൾ നടത്തി പ്രശ്നം പരിഹരിക്കാറുണ്ട്.

(ബി) പ്രസ്തുത യോഗങ്ങളിൽ താഴെപ്പറയുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്.

1. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി
2. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.
3. അഡീഷണൽ ചീഫ് സെക്രട്ടറി (WR & CSIN)
4. ചീഫ് എഞ്ചിനീയർ (I & A & IDRB)
5. ഡയറക്ടർ, ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ്, കൊല്ലം
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത വിഭാഗം, കണ്ണൂർ

7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കണ്ണൂർ
8. അസിസ്റ്റന്റ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത സെക്ഷൻ, കണ്ണൂർ, പഴയങ്ങാടി, തലശ്ശേരി
9. കരാറുകാർ
10. വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
11. വടകര ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്
12. മണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
13. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
14. കൂടാതെ മറ്റ് ജനപ്രതിനിധികളും നാട്ടുകാരും

കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത

264 (953) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത 2012-13-ൽ തന്നെ യാഥാർത്ഥ്യമാക്കുമെന്നും ദേശീയ ജലപാത കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും, കൊല്ലം മുതൽ കോവളം വരെയും ദീർഘിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ജലപാതയ്ക്കായി ഓരോ ബഡ്ജറ്റിലും വക കൊള്ളിച്ച തുകയും ഇതിനായി ഓരോ വർഷവും ഖജനാവിൽനിന്നും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് 168 കി. മീ. ദൈർഘ്യമുണ്ട്. കൂടാതെ ചമ്പക്കര കനാൽ (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) ഇവയുൾപ്പെടെ 205 കി.മീ. ദൈർഘ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly